**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **30-06-2022 - ൽ മറുപടിയ്ക്ക്**

**ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ ദാസനക്കര-നീർവാരം ഭാഗത്തെ വന്യമൃഗശല്യം പ്രതിരോധിക്കാൻ നടപ്പാക്കുന്ന ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | (എ) | സൗത്ത് വയനാട് ഡിവിഷനിലെ ദാസനക്കര - പത്രമൂല, ഖക്കൊടൻ ബ്ളോക്ക് ഭാഗത്ത് 14.5 കി.മീ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. അടിക്കടിയുണ്ടായ പ്രളയത്തിന്റെയും മറ്റ പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആദ്യം തയ്യാറാക്കിയ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) യുടെ സഹായത്തോടുകൂടി പുതിയ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ആയത് കിഫ്ബി പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെൻറ് ഏജൻസിയുടെ സബ് കമ്മിറ്റി അംഗീകരിക്കുകയും 18/02/2021 ലെ കരാറിന്റെ കാലാവധി 30/06/2022 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രവൃത്തി ഇതുവരെ കരാറുകാരൻ ആരംഭിച്ചിട്ടില്ല.<br>നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടൽക്കടവ് - പാൽവെളിച്ചം ഭാഗത്ത് 6 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. 17/02/2021 ൽ കരാർ ഒപ്പുവയ്ക്കുകയും കരാറിന്റെ കാലാവധി 30/06/2022 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ സൈറ്റ് പ്രിപ്പറേഷൻ പ്രവൃത്തികൾ മാത്രമേ നടത്തിയിട്ടുള്ളു. |
| (ബി) | പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് കേരളത്തിൽ ആദ്യമായി മാങ്കുളം വനം ഡിവിഷനിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. ടി പ്രവർത്തിയുടെ ചുവടുപിടിച്ച് വയനാട് ജില്ലയിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ അടിക്കടിയുണ്ടായ പ്രളയത്തിന്റെയും മറ്റ |

| | | | |
|---|---|---|---|
| | | | പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആദ്യം തയ്യാറാക്കിയ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)യുടെ സഹായത്തോടുകൂടി പുതിയ രൂപരേഖ തയ്യാറാക്കുകയുണ്ടായി. ആയത് കിഫ്ബി പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ സബ് കമ്മിറ്റി അംഗീകരിക്കുകയും കരാറിന്റെ കാലാവധി ആറുമാസം കൂടി (30/06/2022 വരെ) ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. നിർമ്മാണ വസ്തുക്കൾക്ക് ക്രമാതീതമായ വിലവർധനവ് ഉണ്ടായതിനാൽ പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ DSR 2018 പ്രകാരം പുതുക്കി അംഗീകരിച്ച തരണമെന്ന് അപേക്ഷിച്ചുകൊണ്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)No.11324/2022 & WP(C) 11345/ 2022 ആയി കേസ് ഫയൽ ചെയ്തിരുന്നു. ഇതിനാലാണ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടത്.<br>ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം കരാറുകാരനെ സൗത്ത് വയനാട് ഡി.എഫ്.ഒ യും നോർത്ത് വയനാട് ഡി.എഫ്.ഒ.യും നേരിൽ കേട്ടിട്ടുള്ളതാണ്. നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ കാലാവധി നീട്ടി നൽകുന്നതിനും കരാറുപണികൾ പൂർത്തിയാക്കുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | നിലവിൽ പദ്ധതി നടപ്പാക്കാനുള്ള എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ? | (സി) | ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് കേരളത്തിൽ ആദ്യമായി മാങ്കുളം വനം ഡിവിഷനിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. ടി പ്രവർത്തിയുടെ ചുവടുപിടിച്ച് വയനാട് ജില്ലയിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ അടിക്കടിയുണ്ടായ പ്രളയത്തിന്റെയും മറ്റു പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആദ്യം തയ്യാറാക്കിയ രൂപരേഖ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT)യുടെ സഹായത്തോടുകൂടി പുതിയ രൂപരേഖ തയ്യാറാക്കുകയുണ്ടായി. ആയത് കിഫ്ബി പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ സബ് കമ്മിറ്റി അംഗീകരിക്കുകയും |

| | | | |
|---|---|---|---|
| | | | കരാറിന്റെ കാലാവധി ആറുമാസം കൂടി (30/06/2022 വരെ) ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. നിർമ്മാണ വസ്തുക്കൾക്ക് ക്രമാതീതമായ വിലവർധനവ് ഉണ്ടായതിനാൽ പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ DSR 2018 പ്രകാരം പുതുക്കി അംഗീകരിച്ചു തരണമെന്ന് അപേക്ഷിച്ചുകൊണ്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)No.11324/2022 & WP(C) 11345/ 2022 ആയി കേസ് ഫയൽ ചെയ്തിരുന്നു. ഇതിനാലാണ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടത്.<br>ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം കരാറുകാരനെ സൗത്ത് വയനാട് ഡി.എഫ്.ഒ യും നോർത്ത് വയനാട് ഡി.എഫ്.ഒ.യും നേരിൽ കേട്ടിട്ടുള്ളതാണ്. നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ കാലാവധി നീട്ടി നൽകുന്നതിനും കരാറുപണികൾ പൂർത്തിയാക്കുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ